# ആമുഖം

ആധുനിക സമൂഹത്തിൽ വിജ്ഞാനം അതിവേഗം വളർന്നു കൊണ്ടിരിക്കുന്നു. സാമൂഹ്യമാറ്റങ്ങളും അതിവേഗമാണ് നടന്നു കൊണ്ടിരിക്കുന്നത്. അതിനാൽ വിദ്യാഭ്യാസരീതിയിൽ തന്നെ ഒരു സമൂലപരിവർത്തനം നടത്തേണ്ടിയിരിക്കുന്നു. കേരളത്തിലെ പൊതു വിദ്യാഭ്യാസരംഗം ഇതു വരെ ദർശിക്കാത്ത പാതയിലൂടെ മുന്നേറുമ്പോൾ സമൂഹത്തിന്റെ ഉയർന്ന പ്രതീക്ഷക്കൊത്ത് നമ്മുടെ വിദ്യാലയത്തെയും പരിവർത്തന പാതയിൽ എത്തിക്കുന്നതിനുള്ള സമഗ്രമായ പദ്ധതിയാണ് ഈ മാസ്റ്റർ പ്ലാനിലൂടെ വിഭാവന ചെയ്യുന്നത്.

മനുഷ്യജീവിതം അത്ഭുതാവഹമായ പരിവർത്തനങ്ങളിലൂടെയാണ് കടന്നു പെയ്കൊണ്ടിരിക്കുന്നത്. ആധുനീകതയുടെ ചടുലതകളിലൂടെ സഞ്ചരിക്കുന്ന ഒരു കൂട്ടം പുതുതലമുറയെ ആണ് നാമോരോരുത്തരും അഭിമുഖീകരിച്ചുകൊണ്ടിരിക്കുനന്ത്. രണ്ടര വർഷക്കാലം നീണ്ടു നിന്ന കൊറോണ എന്ന മഹാമാരി തകർത്തെറിഞ്ഞ കുഞ്ഞുങ്ങളുടെ അടിസ്ഥാനാശയങ്ങൾ നമ്മുടെ മക്കളിലേക്ക് അടിവരയിട്ടുറപ്പിക്കുക എന്നത് തന്നെയാണ് ഇലക്ട്രോണിക് ഗാഡ്ജറ്റുകളുടെ ഈ ആധുനീക യുഗത്തിലും നമ്മുടെ പ്രധാന തീമുകളിൽ ഒന്ന്. മനുഷ്യ ജീവിതം എന്നത് ഒരു അത്ഭുതകരമായ അനുഗ്രഹമാണ് ആ അനുഗ്രഹം എല്ലാ കുട്ടികളിലേക്കും എത്തിക്കുവാൻ അവരെ ഓരോരുത്തരേയും ഓരോ യൂണിറ്റായി കണ്ട് അവരവർക്ക് ആവശ്യമായത് എത്തിച്ചു കൊടുക്കുക എന്നതു തന്നെയാവണം പ്രമുഖ-പ്രധാനമായ തീം.

വിദ്യാഭ്യാസ അവകാശ നിയമം കുട്ടികളുടെ അവകാശ നിയമം എന്നിവയും ഉറപ്പാക്കേണ്ടത് ആവശ്യമാണ്. വിദ്യാർത്ഥികളുടെ പഠന പ്രവർത്തനങ്ങളോടൊപ്പം പാഠ്യേതര പ്രവർത്തനങ്ങളിലും മികവ് യാഥാർത്ഥ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. നമ്മുടെ നാട്ടിലെ ഓരോ കുട്ടിക്കും അന്താരാഷ്ട്രനിലവാരത്തിലുള്ള ധാരണകളും നൈപുണ്യങ്ങളും ശേഷികളും നേടുന്നതിനാവശ്യമായ അവസരമൊരുക്കുന്നതിന് താങ്കളുടെ പൂർണമായ പിൻതുണയും സഹകരണവും വേണമെന്നഭ്യർത്ഥിച്ചുകൊണ്ട് ഈ വികസന പദ്ധതി രേഖ കേരളത്തിലെ വിദ്യാഭ്യാസ പ്രവർത്തകർക്കു മുൻപിൽ സമർപിക്കുന്നു.

അക്ഷരം അറിവാണന്നും - അറിവാണ് ലഹരിയെന്നും തിരിച്ചറിയാൻ തക്ക പാകതയോ, പക്വതയോ ലഭിക്കാതെ നവമാധ്യമങ്ങളുടേയും, ആധുനീക ഗാഡ്ജറ്റുകളുടേയും, പീയർ ഗ്രൂപ്പുകളുടേയും വലയത്തിൽ പെട്ട് ശരീരത്തേയും മനസ്സിനേയും മദോന്മത്തമാക്കുന്ന രാസ-ലാസ്യ ലഹരികളുടെ പിന്നാലെ പുതുതലമുറ പായുന്നു. അറിഞ്ഞോ അറിയതെയോ ലഹരിയുടെ കണ്ണികളിൽ പെട്ടു പോകുന്ന പുതുതലമുറയെ മോചിപ്പിച്ച് അറിവെന്ന ലഹരിയിലേക്ക് തിരികെ കൊണ്ടു വരേണ്ടതും ഈ അദ്ധ്യയന വർഷത്തെ പ്രധാന ഉദ്യമങ്ങളിൽ അഥവാ തീമുകളിൽ ഒന്നു തന്നെയാണ്.

അറിവാണ് ലഹരി, അറിവാകണം ലഹരി എന്ന ആശയത്തെ അടിസ്ഥാനമാക്കിയാണ് ഈ വർഷത്തെ പഠന-പാഠ്യേതര പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുന്നത്.

ആധുനീക ഗാഡ്ജറ്റുകൾക്ക് പിന്നാലെ പോയപ്പോൾ അക്ഷരം എന്ന അറിവിനെ മറക്കുകയും അജ്ഞരും, അന്ധരുമായ ലഹരിക്കടിപ്പെട്ട ഒരു കൂട്ടം സഹചരന്മാരോ ടൊപ്പം അവർ നൽകിയ രാസ ലഹരിക്കു പിന്നാലെ പുതു തലമുറ പാഞ്ഞു. പ്ലാസ്റ്റിക് കവറുകളിലോ കുപ്പികളിലോ അല്ല ലഹരി അത് അക്ഷരങ്ങളിലൂടെ നേടിയെടുക്കേണ്ട ഒന്നാണ് എന്ന ഉദ്ബോധനം ആവട്ടെ ഈ വർഷത്തെ പ്രധാന തീമുകളിൽ ഒന്ന്.

പുതു തലമുറയിൽ അന്യം നിന്നു പോകുന്ന ഒരു പ്രധാന കാര്യമാണ് പരസ്പര സഹകരണവും, സഹ വർത്തിത്വവും. സമൂഹത്തിൽ നമ്മുടെ ഓരോരുത്തരുടേയും നിലനിൽപിന് ഈ മൂല്യം ഓരോ കുരുന്നുകളിലും പുനർ വിന്യസിപ്പിക്കുക എന്നത് തന്നെ മറ്റൊരു മുഖ്യ തീം.

നമ്മുടെ സമൂഹം എന്തിന് ലോകം തന്നെ ഇന്ന് നേരിടുന്ന പ്രധാന വെല്ലുവിളികളിൽ ഒന്നാണ് കാലാവസ്ഥാ വ്യതിയാനവും മറ്റ് പ്രകൃതി വിസ്ഫോടനങ്ങളും. ഇതിനെതിരെ തോളോട് തോൾ ചേരേണ്ടതിന്റെ അവശ്യ കത മനസ്സിലാക്കി പ്ലാസ്റ്റിക് എന്ന മഹാ വിപത്തിനെ സമൂഹത്തിൽ നിന്ന് ഉന്മൂലനം ചെയ്ത് പ്രകൃതിയെ ഹരിതാഭമാക്കുക എന്നതു മാത്രമാണ് പരിഹാരം എന്ന ആശയം കുഞ്ഞുങ്ങളിലേക്ക് എത്തിക്കുക എന്നതു തന്നെയാണ് മറ്റൊരു പ്രധാന തീം.

മനുഷ്യന്റെ ആവശ്യങ്ങൾ നിറവേറ്റാനാവശ്യ മായ എല്ലാ ഘടകങ്ങളും ഭൂമിയിൽ ഉണ്ട് എന്ന ഗാന്ധിജിയുടെ ആശയത്തെ അടിസ്ഥാനമാക്കി വേണം നമ്മൾ ഓരോരുത്തരും മുന്നോട്ടു ചലിക്കുവാൻ എന്ന സത്യം കുഞ്ഞുങ്ങളിലേക്ക് എത്തിക്കുക എന്നതും പ്രധാന ആശയങ്ങളിൽ ഒന്നു തന്നെയാണ്. സാധൂകരിക്കേണ്ടത് ആവശ്യങ്ങൾ ആണ് അനാവശ്യങ്ങൾ അല്ല - ആവശ്യസാധൂകരണത്തിന് വേണ്ടതെല്ലാം പ്രകൃതിയിൽ ഉള്ളപ്പോൾ അനാവശ്യങ്ങൾക്കു വേണ്ടി ഒരിക്കലും പ്രകൃതിയെ ചൂഷണം ചെയ്യരുത്. ഒരു വാക്കോ - നോക്കോ മറ്റുള്ളവർക്ക് വേദനാജനകമാകാതെ സ്വന്തം ആവശ്യങ്ങൾ സാധൂകരിച്ച് മുൻപോട്ട് പോകുവാൻ നമ്മുടെ മക്കളെ പരിശീലിപ്പിക്കേണ്ടതും സുപ്രധാനമായ തീമുകളിൽ ഒന്നു തന്നെയാണ്.

വിദ്യാലയം അതിന്റെ ഭാവി വിദ്യാഭ്യാസ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ ലക്ഷ്യത്തിലെത്തിച്ചേരാൻ ആസൂത്രണം ചെയ്യുന്ന പദ്ധതികളാണ് അദ്ധ്യാപകരും, കുട്ടികളും രക്ഷകർത്താക്കളും സമൂഹവും സർക്കാരും ഒന്നിച്ച് അചഞ്ചലമായ ഇച്ഛാശക്തിയോടെ ഒരു കുടക്കീഴിൽ നിന്ന് ഈ ദൗത്യം ഏറ്റെടുക്കാം.

# ചരിത്രം

ആലപ്പുഴ ജില്ലയിൽ കുട്ടനാട് താലൂക്കിൽ തലവെടി പഞ്ചായത്ത് 5–ാം വാർഡിൽ ആണ് ആനപ്രമ്പാൽ ദേവസ്വം അപ്പർ പ്രൈമറി സ്കൂൾ എന്ന എ. ഡി. യു. പി. സ്കൂൾ സ്ഥിതി ചെയ്യുന്നത്.

ആനപ്രമ്പാൽ ദേവസ്വത്തിന്റെ ഉടമസ്ഥതയിൽ ആണ് ഈ സ്കൂൾ പ്രവർത്തിക്കുന്നത്. കേരള ഹിന്ദുമിഷന്റെ മാനേജുമെന്റിൽ കൊല്ലവർഷം 1114 –ാം ആണ്ടിൽ ആരംഭിച്ചതാണ് ഈ വിദ്യാലയം. ഇന്നേക്ക് 84 വർഷം മുൻപ് ഈ വിദ്യാലയത്തിന്റെ ആദ്യ ഹെഡ്മാസ്റ്റർ ആയിരുന്ന ശ്രീ തോട്ടക്കാട്ട് നാരായണ മേനോൻ അവർകളുടെ നേതൃത്വത്തിൽ ഒരു കൂട്ടം അദ്ധ്യാപകർ ഇതിനെ തലവടി പഞ്ചായത്തിലെ മികച്ച സ്കൂൾ ആക്കി മാറ്റി. കലാരംഗത്തും, കായീകരംഗത്തും പാഠ്യ വിഷയങ്ങളിലും ഈ സ്കൂൾ മികച്ച നിലവാരം പുലർത്തിയിട്ടുണ്ട്. ആയിരക്കണക്കിന് വിദ്യാർത്ഥികൾ ആണ് ഈ സ്കൂളിൽ നിന്നും പഠനം പൂർത്തിയാക്കി പോയിട്ടുള്ളത്.

പുരാതന ചെമ്പകശ്ശേരി രാജ്യത്തിന്റെ കിഴക്കെ അതിർത്തി ആണ് തലവെടി. വിദ്ധ്യാഭ്യാസത്തിന്റെ പ്രാധാന്യം ഏകദേശം ഒരു നൂറ്റാണ്ടു മുൻപുതന്നെ ആനപ്രമ്പാൽ ശ്രീ ധർമ്മശാസ്താ ക്ഷേത്ര ഉടമസ്ഥർ ഒരു ഇംഗ്ലീഷ് സ്കൂൾ സ്ഥാപിച്ചു അത് വളരെ പ്രശസ്തമായ നിലയിൽ നടത്തി പോന്നിരുന്നു.

# ലക്ഷ്യങ്ങൾ

വിദ്യാർത്ഥി - വിദ്യാർത്ഥിനികളുടെ കഴിവ് കേവലം പാഠ്യ വിഷയങ്ങളിൽ മാത്രം ഒതുക്കാതെ സർഗാത്മകും നൈസർഗീകവുമായ എല്ലാ കഴിവുകളും കണ്ടെത്താനുള്ളതാകണം . അവ കലാ രംഗത്തോ ,കായീകരംഗത്തോ, സാഹിത്യരംഗത്തോ, സംഗീതത്തിലോ , രാജ്യ തന്ത്രത്തിലോ, ശാസ്ത്രഗവേഷണത്തിലോ, കൃഷിയിലോ അതുപോലെ മറ്റേതു രംഗത്തായാലും അവ വികസിപ്പിക്കത്തക്ക വിധത്തിൽ സമഗ്ര വികസനം ലക്ഷ്യമാക്കുക വഴി യഥാർത്ഥ വിദ്യാഭ്യാസ എന്ന ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്ന് ഉറപ്പ് വരുത്താം.

പൊതു വിദ്യാലയങ്ങളെ ഇന്ന് കാർന്നു തിന്നു കൊണ്ടിരിക്കുന്ന ലഹരി എന്ന മഹാ വിപത്തിനെ ഉന്മൂലനം ചെയ്യുക, സമൂഹം നേരിടുന്ന ആഗോള താപനം, പ്രകൃതി വിസ്ഫോടനം തുടങ്ങിയ സമൂഹത്തേയും പ്രകൃതിയേയും കാർന്നു തിന്നുന്ന മഹാവിപത്തുകൾക്കെതിരെ മക്കളെ സജ്ജരാക്കുകയും പ്രകതിയിലേക്ക് മടങ്ങേണ്ടുന്നതിന്റെ ആവശ്യകത മനസ്സിലാക്കി കൊടുക്കുകയും, ആധുനീക ഗാഡ്ജറ്റുകൾക്ക് പിന്നാലെ പായമ്പോൾ സമൂഹത്തിൽ നഷ്ടമായി കൊണ്ടിരിക്കുന്ന പരസ്പര സഹകരണവും, സഹവർത്തിത്വവും മടക്കി കൊണ്ടുവരേണ്ടതും മുഖ്യധാരാ ലക്ഷ്യങ്ങളിൽ ഒന്നു തന്നെയാണ്.

ഓരോ കുഞ്ഞിനേയും ഓരോ യൂണിറ്റായി കണക്കാക്കുക അല്ലാത്ത പക്ഷം ഒരേ വിഭാഗത്തിൽ വരുന്നവരെ ഒരു യൂണിറ്റാക്കുക. പഠന പാഠ്യേതരപ്രവർത്തനങ്ങളുടെ വികാസം തന്നെയാവണം വിദ്യാഭ്യാസം. പിന്നാക്കം നിൽക്കുന്ന ഒരു കുട്ടി പോലും പാദവാർഷീക പരീക്ഷ കഴിയുമ്പോൾ ക്ലാസ്സുകളിൽ ഉണ്ടാവാൻ പാടുള്ളതല്ല. പിന്നാക്കം നിൽക്കുന്ന ഓരോ കുഞ്ഞിനേയും പ്രത്യേകം- പ്രത്യേകം യൂണിറ്റായി കരുതി ആവശ്യമായ പഠന പിൻതുണ നൽകി പ്രഥമ ശ്രേണിയിലേക്ക് കൊണ്ടുവരേണ്ടത് ആണ്.

പൊതുവിദ്ധ്യാലയങ്ങൾ പൊതുസമൂഹത്തിന്റെ പങ്കാളിത്തത്തോടെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക. സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതത് ക്ലാസ്സിൽ നേടേണ്ട ശേഷികൾ കൈവരിച്ചു എന്ന് ഉറപ്പു വരുത്തുക. കുട്ടികളുടെ സർഗപരവും, അക്കാദമീകവും, കലാപരവും, കായീകവും ആയ കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച് ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കുക. കാർഷീക സംസ്കാരം പുതിയ തലമുറയിൽ വളർത്തിയെടുക്കുക, മാലിന്യനിർമാർജ്ജനം നമ്മുടെ സംസ്കാരത്തിന്റെ ഭാഗമാക്കുക. എല്ലാ ക്ലാസ്സ് മുറികളും ഹൈടെക് ആക്കി പഠനപ്രവർത്തനങ്ങൾക്ക് പുതിയ മാനം നൽകുക. പിന്നാക്കം നിൽക്കുന്ന വിഭാഗക്കാർക്ക് പ്രത്യേകം പരിഗണന നൽകി മുഖ്യധാരയിൽ എത്തിക്കുക.

ഓരോ കുട്ടിക്കും സന്ദർഭോചിതമായി സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കാനുള്ള ശേഷി നേടുക. എല്ലാ കുട്ടുകളിലും ആശയഗ്രഹണ വായന ഉറപ്പാക്കുക. ഓരോ കുട്ടിയും ഒന്നാമനാണ് എന്ന ലക്ഷ്യം മുൻ നിർത്തി കുട്ടികളുടെ അഭിരുചി കഴിവ് എന്നിവക്ക് പരമാവധി പ്രോത്സാഹനവും ഉയർന്ന പരിശീലനവും ലഭ്യമാക്കും.

- ❖ വിദ്ധ്യാലയത്തിലെ എല്ലാ കുട്ടികളുടേയും കുടുംബപരവും, സാമൂഹീകവും, സാമ്പത്തീകവുമായ ചുറ്റുപാടുകളെക്കുറിച്ച് വ്യക്തമായ ധാരണ നേടിയെടുക്കുന്നു.

- ❖ എല്ലാ കുട്ടികളുടേയും പഠനരീതി, പഠന വേഗത, വൈഭവങ്ങൾ, പരിമിതികൾ ഇവ കണ്ടെത്തി ശാക്തീകരിക്കുക.

- ❖ സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതത് ക്ലാസ്സിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പു വരുത്തുക.

- ❖ ഓരോ ഘട്ടം പൂർത്തിയാവുമ്പോഴും കുട്ടി നേടേണ്ട എല്ലാ അറിവും കഴിവും മുൻകൂട്ടി തയ്യാറാക്കി രക്ഷകർത്താക്കളെ അറിയിക്കും.

- ❖ വിദ്ധ്യാലയത്തിലെ എല്ലാവിധ പ്രവർത്തനങ്ങളിലും ആൺ – പെൺ വിവേചനമില്ലാതെ അവസര തുല്യത ഉറപ്പാക്കുക.

❖ കുട്ടികളുടെ സർഗപരവും, അക്കാദമീകവും, കായീക പരവുമായ കഴിവുകൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നു.

❖ എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, ഹിന്ദി ഭാഷ കൾ വായിക്കാനും, എഴുതാനും, സംസാരിക്കാനും ഉള്ള കഴിവ് വളർത്തുക.

❖ മാതൃഭാഷാ നിലവാരം ഉയർത്തുക.

❖ മൂല്യ അവബോധവും ദേശീയവബോധമുള്ള കുട്ടികളെ വളർത്തിയെടുക്കുക.

❖ പ്ലാസ്റ്റിക് മുക്ത, ലഹരി മുക്ത വിദ്യാലയാന്തരീക്ഷം സൃഷ്ടിക്കുക

❖ അന്താരാഷ്ട്ര പഠനനിലവാരം ഉറപ്പാക്കുന്നതിനാവശ്യ മായ പഠനോപകരണങ്ങൾ , ഭൗതീകസൗകര്യങ്ങൾ ഇവ വിദ്യാലയത്തിൽ ഉറപ്പാക്കും.

❖ എല്ലാ കുട്ടികളുടേയും ശാരീരിക ആരോഗ്യ മാനസീക പ്രശ്നങ്ങൾ കണ്ടെത്തി അവക്ക് ഉചിതമായ പ്രശ്ന പരിഹാരം നേടിയെടുക്കുന്നു.

❖ വിദ്ധ്യാലയത്തിലെ എല്ലാ പെൺ കുട്ടികൾക്കും ആത്മ വിശ്വാസവും , പ്രതികരണ ശേഷിയും, അറിവിന്റെ കരുത്തും ,വിശകലനശേഷിയും ഉറപ്പാക്കുക.

- എല്ലാ കുട്ടികളിലേയും എല്ലാ വൈഭവങ്ങളും അതിന്റെ പൂർണ്ണതയിലേക്ക് വികസിപ്പിക്കുക.

- കുട്ടികളിൽ പരസ്പരാശ്രയത്വത്തിന്റേയും, സൗഹൃദ ത്തിന്റേയും മനോഭാവം വളർത്തുക.

- നമ്മുടെ സംസ്കാരത്തിനു യോജിച്ച മൂല്യങ്ങളും മനോഭാവങ്ങളും വളർത്തുക.

- ആധുനീക സാങ്കേതീക വിദ്യ പ്രയോജനപ്പെടുത്തി ഏറ്റവും ഫലപ്രദമായ രീതിയിൽ അദ്ധ്യയനംനടത്തുക.

- കാർഷീകവൃത്തിയുടെ പ്രാധാന്യവും, മഹത്വവും കുട്ടികളിൽ എത്തിക്കുക.

- ജൈവ വൈവിദ്യ കലവറയാക്കി വിദ്ധ്യാലയത്തെ മാറ്റും.

- കൃഷി ഔഷധത്തോട്ടം ഉദ്യാനം എന്നിവ മികച്ച രീതി യിൽ പരിപാലിക്കുന്നതിന് വിദ്ധ്യാർത്ഥി സംഘങ്ങൾ രൂപീകരിക്കും.

- പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് കുട്ടികളിൽ ശാസ്ത്രീയ മനോഭാവം വളർത്തും. ശാസ്ത്രചിന്ത വളർത്തുക.

- എല്ലാ മേഖലയിലും ജനകീയ പങ്കാളിത്തം ഉറപ്പാക്കും.

# മികവിന്റെ കാഴ്ചപ്പാട്

വിദ്ധ്യാലയത്തിന്റെ സുഗമമായ പ്രവർത്തനങ്ങൾക്ക് ഭൗതീക സാഹചര്യം, മനുഷ്യവിഭവശേഷി, ധനം എന്നിവ അനുസ്യൂതമാണ്. എല്ലാ കുട്ടികൾക്കും പഠനത്തിനും വികാസത്തിനും ഉള്ള അവസരവും , ശിശു സൗഹൃദപരവുമായ അന്തരീക്ഷവും ഒരുക്കണം. വിഭവങ്ങളുടെ കാര്യത്തിൽ പരിഗണിക്കേണ്ട ഏറ്റവും പ്രധാനപ്പെട്ട സവിശേഷത ലഭ്യതയും, കാര്യക്ഷമതയും ആണ്. ഓരോരുത്തരുടേയും കഴിവുകൾ കണ്ടെത്തി അവ ഏറ്റവും ഉയർന്ന തലത്തിലേക്ക് എത്തിക്കാനും പരിമിതികൾ മറികടക്കാനും കഴിയുമ്പോഴും ലഭ്യമായ വിഭവങ്ങൾ ഫലപ്രദമായി ഉപയോഗിക്കുമ്പോഴാണ് ഒരു വിദ്ധ്യാലയം മികവുറ്റതാകുന്നത്. പാഠപുസ്തകത്തിനപ്പുറത്തേക്ക് പഠനപ്രവർത്തനങ്ങളെ വികസിപ്പിക്കുക, നിരന്തര മൂല്യ നിർണയത്തിന്റെ സാധ്യത പ്രയോജനപ്പെടുത്തുക എന്നിവ കൂടി കണക്കിലെടുത്തു കൊണ്ടാണ് ലക്ഷ്യങ്ങൾ നിർണയിച്ചിട്ടുള്ളത്.

വിദ്ധ്യാലയത്തിന്റെ അക്കാദമീകവും, ഭൗതീകവുമായ ആവശ്യങ്ങൾ നിറവേറ്റുന്നതിനും, പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സാമൂഹീക പങ്കാളിത്തം ഉറപ്പാക്കുവാൻ കഴിയുന്നില്ല. കലാസാംസ്കാരീക പ്രവർത്തനങ്ങൾ സംബന്ധിച്ച ശരിയായ കാഴ്ചപ്പാട് രക്ഷിതാക്കളിലും കുട്ടികളിലും വികസിക്കുന്നില്ല. ഭിന്നനിലവാരക്കാരുടെ പഠന പ്രവർത്തനങ്ങൾക്കും ശാരീരിക മാനസീക വികസനത്തിനും ആവശ്യമായ റിസോഴ്സ് റൂമുകളോ സ്കൂളുകളോ ലഭ്യമാകുന്നില്ല. ഭിന്നശേഷിക്കാരായ കുട്ടികളുടെ ശാരീരികവും, മാനസീകവും,

അക്കാദമീകവുമായ പ്രശ്നങ്ങൾ കണ്ടെത്തി വിലയിരുത്താനും പരിഹരിക്കാനും ശാസ്ത്രീയമായ രീതികൾ ലഭ്യമാകുന്നില്ല. ഭിന്നശേഷിക്കാരെ പരിഗണിക്കുന്ന അനുരൂപീകരിച്ച പാഠ്യപദ്ധതി, പാഠപുസ്തകം, പഠനപ്രക്രിയ എന്നിവയില്ല.

# വിഷയമേഖലകൾ

വിദ്ധ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച പൊതുവിദ്ധ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന് മൂർത്തരൂപം നൽകേണ്ടതുണ്ട്. അതിനായി സർഗ്ഗാത്മകവും, സമയബന്ധിതവുമായി പൂർത്തീകരിക്കുന്ന പ്രവർത്തന പദ്ധതികൾക്ക് രൂപം കൊടുക്കണം. മലയാളം, ഇംഗ്ലീഷ്, ഹിന്ദി, സംസ്കൃതം തുടങ്ങിയ ഭാഷകൾക്ക് പുറമേ ഗണിതം, അടിസ്ഥാനശാസ്ത്രം, സാമൂഹ്യ ശാസ്ത്രം, ഭിന്ന ശേഷി കുട്ടികൾക്കുള്ള പ്രത്യേക പാക്കേജ്, കായീക വിദ്ധ്യാഭ്യാസം, ഭക്ഷണം, ശുചിത്വം, ആരോഗ്യം എന്നീ മേഖലകളിലെ വികസ പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളത്. നിശ്ചിത വിഷയവുമായി ബന്ധപ്പെട്ട അക്കാദമീകവും, ഭൗതീകവും സാമൂഹീകവുമായ പ്രശ്നങ്ങൾ പ്രശ്ന പരിഹാരപ്രവർത്തന വിശദാംശങ്ങൾ എന്നിവയാണ് ഇതിൽ വിവർത്തനം ചെയ്തിരിക്കുന്നത്.

# മലയാളം

ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കാൻ മുഴുവൻ വിദ്ധ്യാർത്ഥികളേയും വായനയുടേയും എഴുത്തിന്റേയും ലോകത്തേക്ക് കൈ പിടിച്ച് ഉയർത്തൽ, സർഗാത്മക പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകൽ, പഠനോപകരണങ്ങൾ ഐ.സി.ടി എന്നിവ ഫലപ്രദമായി ഉപയോഗിക്കൽ , ഭാഷയോടും കേരള സംസ്കാരത്തോടും ഉള്ള ആദരവ് എന്നിവയാണ് പ്രധാന ലക്ഷ്യങ്ങൾ.

- ❖ ഭാഷ - ഉച്ചാരണം, പ്രയോഗം രചന, ഇവ ശരിയായ നിലവാരത്തിലെത്തിക്കുക.
- ❖ ചിഹ്നങ്ങൾ വ്യക്തമായി ചേർത്ത് രചനാക്രമം ശരിയാക്കുക.
- ❖ എല്ലാ കുട്ടികളും അർത്ഥ പൂർണ്ണമായി എഴുതുന്നു, വായിക്കുന്നു എന്ന് ഉറപ്പു വരുത്തുക.
- ❖ എല്ലാ കുട്ടികളേയും സ്വതന്ത്ര വായനക്കാരാക്കി മാറ്റുക.
- ❖ ഭാഷാശേഷി വികസനത്തിനായി ആധുനീക സാങ്കേതീക വിദ്ധ്യകളെ പരമാവധി ഉപയോഗവൽക്കരിക്കുക.
- ❖ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് എഴുത്തിന്റേയും, വായനയുടേയും നിരവധി സാധ്യതകൾ കണ്ടെത്തുക.

- വായന – വായനയുടേതായ ഒരു നിലവാരത്തിലേക്ക് എത്തിക്കുക . ഭാഷയുടെ ഭാവം ഉൾക്കൊണ്ട് വായിക്കുവാൻ ഉള്ള കഴിവ് നേടിയെടുക്കുക.

- അച്ചടിച്ചിരിക്കുന്ന വരികളുടെ ആശയം ഉൾക്കൊണ്ട് വായിക്കുവാൻ ഉള്ള കഴിവ് നേടിയെടുക്കുക.

- ക്ലാസ്സ് ലൈബ്രറി, സ്കൂൾ ലൈബ്രറി എന്നിവ സാധ്യമാക്കുക.

- ഐ. സി. ടി സംവിധാനങ്ങളോടു കൂടിയ ക്ലാസ്സ് മുറികൾ സജ്ജീകരിക്കുക.

- ഭാഷയോടും സംസ്കാരത്തോടും ആദരവും സ്നേഹവും വളർത്തുക.

# ENGLISH

English is the language that empowers our people in the present context. English enjoys a status which no other language has. It is a language of trade, commerce higher education and science. Beides it has felt the impact on internet and social medias. It is language of employment and opportunity. The demand of the public for English compelled the authorities to introduce English from first standard onwards.

Proficiency in English remains a distant dream to most of the learners. So care should be taken to ensure that learners to achive the learning outcomes prescribed by the curriculam. We have to provide our learners ample opportunity to use the language effectively.

## OBJECTIVES

- To equip all the students to have the capability of reading, writing and communicate independently in english language learning.

- To identify the strength and weakness of each and every student.
- To be able to develop English language with the help of information technology.
- To be able to bring forth the CWSN students to front line.
- As a world language help the students to have a special interest in reading and communicate with correct pronounciation
- Develop the learning ability of  English language.
- Learners have to acqure the required curriculum objectives.
- Support students to overcome the limitations in basic concepts and mindset of english language.

# ഹിന്ദി /സംസ്കൃതം

ഹിന്ദി, സംസ്കൃതം എന്നി ഭാഷകൾ നമ്മുടെ വിദ്ധ്യാലയങ്ങളിൽ ത്രിഭാഷാ പദ്ധതി ആവിഷ്കരിച്ചതിന്റെ ഭാഗമായാണ് നിർബന്ധമാക്കിയത്. ഒരു ബഹുഭാഷാ രാജ്യത്ത് അനവധി ഭാഷകൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വളർത്തുക തന്നെ വേണം. ഈ മേഖലയിൽ നമ്മുടെ കുട്ടികൾ നേരിടുന്ന പ്രശ്നങ്ങളും പരിമിധികളും അവയുടെ ചില പ്രശ്നപരിഹാരങ്ങളും നേടിയെടുക്കേണ്ടതായിരിക്കുന്നു.

- ഹിന്ദി ഭാഷയോടുള്ള പ്രാവീണ്യം വളർത്തുക.
- എല്ലാ കുട്ടികളും ഹിന്ദി വായിക്കുന്നതിനും , എഴുതുന്നതിനും ഉള്ള പ്രാപ്തി നേടുക.
- സ്കൂൾ ലൈബ്രറി ഫലപ്രദമായി ഉപയോഗിക്കുക.
- രചനാപരമായ കഴിവുകൾ വളർത്തുക
- പ്രകൃയാബന്ധിതവും, ശിശു കേന്ദ്രീകൃതവും, ഐ. സി. ടി അധിഷ്ടിതവുമായ സൂക്ഷ്മാസൂത്രണം അവലംബിക്കുക.

- പഠനപ്രവർത്തനങ്ങൾ ഫലപ്രദമായി ഐ സി ടി സഹായത്താൽ കുട്ടികളിൽ എത്തിക്കുക.

- ചിത്രങ്ങളിലൂടെയും അക്ഷരമാലയിലൂടെയും ഭാഷയെ പരിചയപ്പെടുക.

- ഭിന്നശേഷി നിലവാരത്തിലുള്ള കുട്ടികളെ റിസോഴ്സ് ടീച്ചറിന്റെ സഹായത്താൽ പ്രവർത്തനങ്ങൾ പരിചയപ്പെടുത്തൽ.

- പദസൂര്യൻ, വായനാകാർഡുകൾ, പിക്ചർ ചാർട്ടുകൾ എന്നിവയുടെ സഹായത്താൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലേക്ക് കൊണ്ടുവരിക.

# ഗണിതം

▶▶▶▶▶◀◀◀◀◀◀

കുട്ടികളുടെ ഗണിതവൽക്കരണ ശേഷി വികസിപ്പിക്കലാണ് ഗണിത പഠനത്തിന്റെ പ്രധാന ലക്ഷ്യം. എല്ലാ കുട്ടികളെയും ഗണിത പഠനത്തിന് താൽപര്യമുള്ളവരാക്കി അതിനാവശ്യമായ ഒരു അവസ്ഥാന്തരീക്ഷം സൃഷ്ടിക്കുക. ഗണിതമെന്നാൽ സൂത്രവാക്യങ്ങളും, യാന്ത്രിക നടപടിക്രമങ്ങളുമല്ല എന്ന യാഥാർത്ഥ്യം സഫലീകരിക്കുക.ഓരോ കുട്ടിക്കും ഗണിതം തനിക്ക് പഠിക്കാൻ കഴിയും എന്ന ആത്മവിശ്വാസം സൃഷ്ടിക്കുക.

- സംഖ്യാവബോധം ഉറപ്പിക്കുക
- ഗണിതത്തിലെ അടിസ്ഥാനാശയങ്ങളിലും മനോഭാവങ്ങളിലുമുള്ള പരിമിധി പരിഹരിക്കൽ.
- ഗണിതത്തിലെ സൗന്ദര്യാത്മകതലം കണ്ടെത്തി സംഘ്യാപരമായ ആശയങ്ങളുടേയും, അമൂർത്ത രൂപങ്ങളുടേയും ആസ്വാദനം.
- ചതുഷ്ക്രിയകൾ കുട്ടികളിൽ ഉറപ്പിക്കുക

- ദൈനംദിന ജീവിതത്തിൽ ഗണിതത്തിന്റെ ആവശ്യകത.
- പ്രൈമറി ക്ലാസ് മുതൽ തന്നെ ഗണിതത്തിന്റെ അടിസ്ഥാനാശയങ്ങൾ കുട്ടികളിൽ എത്തിക്കുക.
- പഠനോപകരണങ്ങൾ സ്വയം തയ്യാറാക്കൽ
- ഗണിതപഠനത്തിൽ അഭിരുചി വളർത്തൽ.
- ഗണിതലാബിന്റേയും, ഗണിതക്ലബ്ബിന്റേയും രൂപീകരണം.
- ജ്യാമിതീയ ഉപകരണങ്ങൾ തിരിച്ചറിയാനും കൈകാര്യം ചെയ്യാനുമുള്ള കഴിവ്
- ഗണിതാശയങ്ങൾ ഉറപ്പിക്കൽ, യുക്തി ചിന്ത, മനക്കണക്കുകൾ ചെയ്യുന്നതിന് പ്രാവീണ്യം നേടുക.
- പ്രക്രിയാ ശേഷി വികസിപ്പിക്കുക.

# സാമൂഹ്യ ശാസ്ത്രം

മാനവീക വിഷയങ്ങളായ ചരിത്രം, ഭൂമിശാസ്ത്രം, പൗരധർമ്മം തുടങ്ങിയ വിഷയങ്ങളിൽ കുട്ടികളുടെ പഠനമികവ് ഉറപ്പാക്കുകയാണ് ഈ പാഠ്യദ്ധതിയുടെ പ്രധാന ലക്ഷ്യം. മാനവീക വിഷയങ്ങൾ നേരിടുന്ന പ്രധാന വെല്ലുവിളികൾ കണ്ടെത്തി സാമൂഹ്യ - സാമ്പത്തീക പരിസരപഠനവിഷയങ്ങൾക്ക് പ്രാധാന്യം നൽകിക്കൊണ്ടാണ് ഇത് തയ്യാറാക്കിയിരിക്കുന്നത്.

- സാമൂഹ്യശാസ്ത്രവിഷയം കൂടുതൽ ശാസ്ത്രീയമാക്കുക.
- കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ സാമൂഹ്യശാസ്ത്ര പഠനനേട്ടങ്ങളും എല്ലാ കുട്ടികളും ആർജ്ജിക്കുക.
- സാമൂഹ്യചിന്ത, സാമൂഹ്യാവബോധം, സാമൂഹ്യ ശാസ്ത്രവിശകലന ശേഷി എന്നിവ എല്ലാ കുട്ടികളും നേടിയെടുക്കുക.
- സാമൂഹ്യശാസ്ത്രപഠനത്തിൽ ഐ.സി.ടി സാധ്യത വേണ്ട വിധത്തിൽ പ്രയോജനപ്പെടുത്തുക.
- മതേതര ജനാധിപത്യ ബോധം എല്ലാ കുട്ടികളിലും നേടിയെടുക്കുക.

- ശരിയായ മൂല്യങ്ങളും മനോഭാവങ്ങളും വളർത്തുന്നതിന് സാമൂഹ്യശാസ്ത്രപഠനത്തിന്റേതായ മാർഗ്ഗങ്ങൾ അവലംബിക്കുക.

- ചരിത്രശേഷിപ്പുകൾ അതാതിന്റെ പ്രാധാന്യം നശിപ്പിക്കാതെയും നഷ്ടപ്പെടാതെയും അടുത്ത തലമുറക്ക് കൈമാറുക.

- പ്രാദേശീക വിഷയങ്ങൾ വേണ്ട വിധത്തിൽ പ്രയോജനപ്പെടുത്തുക.

- പ്രാദേശീക വാർത്തകൾ ശേഖരിച്ച് ആഴ്ചയിൽ ഒരു പത്രം തയ്യാറാക്കൽ.

- ചിത്രപ്രദർശനം, ചിത്രഗാലറി, ഡോക്കുമെന്ററി എന്നിവ തയ്യാറാക്കൽ.

- സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ എസ്. എസ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ നടപ്പാക്കുക.

# അടിസ്ഥാനശാസ്ത്രം

ശാസ്ത്രം ചലനാത്മകവും, വികസ്വരവുമായ വിജ്ഞാന ഭണ്ടാരമാണ്. ഭാവിയിലേക്ക് നോക്കുന്ന പുരോഗ മന പരമായ സമൂഹത്തിൽ ദാരിദ്ര്യത്തിന്റേയും അജ്ഞതയു ടേയും, അന്ധവിശ്വാസത്തിന്റേയും ദൂഷിതവലയത്തിൽ നിന്നും പുറത്തുകടക്കാൻ ശാസ്ത്രീയ വിജ്ഞാനം ജനങ്ങളെ സഹായിക്കുന്നു. ഈ പ്രക്യയയിലൂടെ കുട്ടികളിൽ ശാസ്ത്രീയ മായ ആകാംക്ഷയും സർഗ്ഗാത്മകതയും പരിപോഷിപ്പിക്കത്തെ ക്കവിധത്തിൽ ആണ് പാഠ്യ പദ്ധതി രൂപീകരണം.

⌘ പരിസ്ഥിതി ബന്ധിതവും ലാബോറട്ടറി ബന്ധിതവുമായ ശാസ്ത്രപഠനം

⌘ ശാസ്ത്രത്തിൽ സവിശേഷവൈഭവമുള്ള കുട്ടികളെ അതിന്റെ പാരമ്യത്തിൽ എത്തിക്കുക.

⌘ ശാസ്ത്ര പഠനത്തെ സമൂഹമുന്നേറ്റത്തിന് പ്രയോജന പ്പെടുത്താനുള്ള മനോഭാവം കുട്ടികളിൽ വളർത്തുക.

⌘ പരിസരം പാഠപുസ്തകമാക്കുന്നതിനുള്ള പരിശീലനം നൽകുക.

⌘ കുട്ടികൾ പ്രകൃതിയിൽ നിന്നും പ്രപഞ്ച രഹസ്യങ്ങൾ മനസ്സിലാക്കുക.

⌘ സി ഡബ്ല്യു എസ് എൻ കുട്ടികളെ നേർധാരയിൽ എത്തിക്കുക

⌘ ജൈവകൃഷി, സ്കൂൾ പരിസരം പച്ചക്കറികൃഷിക്കായി തയ്യാറാക്കൽ

⌘ ശാസ്ത്ര പഠനത്തിൽ ഐ.സി.ടി യുടെ പ്രാധാന്യം പ്രയോജനപ്പെടുത്താനുള്ള കഴിവ് നേടുക.

# ഉൾച്ചേർന്ന വിദ്ധ്യാഭ്യാസം

ഭിന്നശേഷിക്കാരായ കുട്ടികളോട് സമൂഹവും, സംവിധാനവും, സഹപാഠികളും വ്യത്യസ്തമായ നിലപാടാണ് സ്വീകരിക്കുന്നത്. ഈ മേഖല ഇനിയും വളരേ മുന്നേറാനായി ഉണ്ട്. അനുകമ്പയിൽ നിന്നും അനുതാപത്തിലേക്ക് വൈകാരീകമായി നയിക്കപ്പെടേണ്ടതായി ഉണ്ട്. ഭിന്നശേഷിക്കാരുടെ ആത്മവിശ്വാസവും, ആത്മാഭിമാനവും വളർത്തുന്ന പ്രവർത്തനങ്ങൾ വിദ്ധ്യാലയങ്ങളിൽ പ്രാധാന്യത്തോടെ ഉൾപ്പെടുത്തേണ്ടതായി ഉണ്ട്.

ഭിന്നശേഷി വിഭാഗത്തിൽ പെട്ട ഓരോ കുട്ടിയും ഏതേത് കാറ്റഗറിയിൽ പെട്ടതാണെന്നും അവർക്കനുകൂലമായ രീതിയിൽ പഠന- പാഠ്യേതര പ്രവർത്തനങ്ങളിൽ അനുരൂപീകരണം വരുത്തേണ്ടതാണ് ആവശ്യാനുസൃതമായി ഐ. സി റ്റി ഉപയോഗപ്പെടുത്തുകയും ബഡ്ഡി സമ്പ്രദായം ക്ലാസ്സ് തലത്തിലും സ്കൂൾ തലത്തിലും പ്രയോജനപ്പെടുത്തുകയും ചെയ്യുക. ഭിന്നശേഷി വിഭാഗത്തിൽ ഉൾക്കൊള്ളുന്ന കുഞ്ഞുങ്ങളെ തങ്ങളിലൊരാളായി പരിഗണിക്കാൻ മറ്റുള്ളവർക്ക് ആവശ്യമായ ഉൾപ്രേരണ നൽകുക

ഭിന്നശേഷിക്കാരായ കുട്ടികളുടെ ശാരീരികവും, മാനസീകവും, അക്കാദമീകവുമായ പ്രശ്നങ്ങൾ കണ്ടെത്തി നിരന്തരം വിലയിരുത്തണം.

- റിസോഴ്സ് മുറി, റിസോഴ്സ് ടീച്ചർ എന്നിവ സജ്ജീകരിക്കൽ.

- കൃത്യമായ മെഡിക്കൽ പരിശോധന നടത്തി കുട്ടിയുടെ പുരോഗതി വിലയിരുത്തൽ

- രക്ഷിതാവിന്റെ പങ്ക് ബോധ്യപ്പെടുത്തൽ

# ആരോഗ്യ കായീകം

ഒരു വ്യക്തിയുടെ വികസന പ്രക്രിയയിൽ ആരോഗ്യ കായീക വിദ്ധ്യാഭ്യാസത്തിന് വളരെയേറെ പങ്കുണ്ട്. കുട്ടിയുടെ ശാരീരികവും, മാനസീകവും, സാമൂഹീകവും വൈകാരീകവുമായ വികാസത്തിന് കായീകാഭ്യാസവും, യോഗാചാര്യകളും ചെയ്യുന്നതിന് പാഠ്യപദ്ധതി അവസരം ഒരുക്കുന്നു. കുട്ടികളുടെ ആരോഗ്യ പ്രശ്നങ്ങൾ, ശാരീരിക വളർച്ച, കൗമാര പ്രശ്നങ്ങൾ എന്നിവ സംബന്ധിച്ച അവബോധവും ആരോഗ്യ കായീക വിദ്ധ്യാഭ്യാസത്തിന്റെ ഭാഗമാണ്.

അരോഗ ദൃഢഗാത്രരായ ഒരു പുതുതലമുറയുടെ സാക്ഷാത്കാരം ആവണം ആരോഗ്യ കായീക വിദ്യാഭ്യാസത്തിന്റെ മുഖ്യ ലക്ഷ്യം. ആധുനീക സമൂഹത്തെ കാർന്നുതിന്നുന്ന ലഹരി എന്ന മഹാവിപത്തിനെ ഉന്മൂലനം ചെയ്യുക എന്ന മുഖ്യ ആശയത്തെ മുൻപിൽ കണ്ടു വേണം മുൻപോട്ട് പോകുവാൻ. ശാരീരികവും മാനസീകവുമായ വികാസത്തിന് രാസ-ലാസ്യ ലഹരിക്കടിപ്പെടാത്ത ഒരു സമൂഹത്തിന് മാത്രമെ സാധിക്കു.

# കലാ കായീകം

കേവലം പാഠപുസ്തകത്തിനപ്പുറം ഓരോ വിദ്ധ്യാർത്ഥിയുടേയും സവിശേഷവും സർഗ്ഗാത്മകവുമായ കഴിവുകൾ കണ്ടെത്തി വളർത്താനും വികസിപ്പിക്കാനുമാവശ്യമായ അവസരങ്ങൾ സ്കൂളിൽ ഒരുക്കിയാൽ മാത്രമേ വിദ്ധ്യാഭ്യാസത്തിന്റെ ലക്ഷ്യം അതിന്റെ പൂർത്തിയിൽ എത്തുകയുള്ളു. സമൂഹപങ്കാളിത്വത്തോടെ കുട്ടികളുടെ ജന്മസിദ്ധമായ കഴിവുകൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കാനുള്ള അവസരം വിദ്ധ്യാലയത്തിൽ ഒരുക്കേണ്ടതായി ഉണ്ട്.

കലാകായീക വിദ്യാഭ്യാസം എന്നത് കേവലം സ്കൂൾ തല ഉപജില്ലാ - ജില്ലാ തല മത്സരങ്ങൾക്കു വേണ്ടി ഒരു കൂട്ടം കുട്ടികളെ വാർത്തെടുക്കുക എന്നത് മാത്രമല്ല. ഓരോ കുട്ടിയിലും അന്തർലീനമായിരിക്കുന്ന കഴിവുകൾ എന്തു തന്നെയായാലും അവയെ കണ്ടെത്തി മുൻ നിരയിലേക്ക് കൂട്ടി കൊണ്ടു വരിക എന്നതു കൂടിയുണ്ട്.

# ഓരോ കുട്ടിയുടേയും അഭിരുചി കണ്ടെത്തൽ

- # കലാരംഗത്തും കായീകരംഗത്തും പ്രതിഭകളെ സൃഷ്ടിക്കൽ.

- # അരോഗദൃഢഗാത്രരായ കുട്ടികളെ വാർത്തെടുക്കൽ.

- # ഉപജില്ലാ- ജില്ലാകലോൽസവത്തിൽ മത്സരിക്കാൻ പ്രാപ്തരായ കുട്ടികളെ സൃഷ്ടിക്കൽ

- # കായീക പരിശീലനം ലഭിക്കുക വഴി ജീവിത പ്രതിസന്ധികളെ മത്സര ബുദ്ധിയോടെ നേരിടാനുള്ള കഴിവ്.

- # പൊതു വേദികളെയും സമൂഹത്തെയും നേരിടാനുള്ള തന്റേടം.

# മോണിട്ടറിംഗ്

വികസന പദ്ധതി സമഗ്രമായി പരിശോധിക്കുകയും പ്രവർത്തനങ്ങളുടെ പൂർവ്വ പരക്രമം നിർണയിക്കുകയും വേണം. തുടർന്നു വാർഷീക കലണ്ടർ തയ്യാറാക്കണം. ഓരോ വഷർഷം നടക്കേണ്ട പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ നിർണയിക്കണം. വാർഷീക കലണ്ടറിലെ ഓരോ മാസവും വരുന്ന പ്രവർത്തനങ്ങൾ ചേർന്ന് പ്രതിമാസ കലണ്ടർ തയ്യാറാക്കണം.

വിദ്യാലയ വികസന സമിതി പ്രതിമാസം ചേർന്ന് ആ മാസത്തിൽ അതു വരെ നടന്ന പ്രവർത്തനങ്ങൾ വിലയിരുത്തണം. ഓരോ ഘട്ടത്തിലും പ്രവർത്തനങ്ങളിൽ വരുന്ന മികവുകളും പരിമിതികളും തിരിച്ചറിഞ്ഞ് പരിഹരിക്കാനുള്ള പ്രവർത്തനങ്ങൾ തയ്യാറാക്കി നടപ്പിലാക്കുകയും വേണം. എസ്. ആർ. ജി, പി.ടി.എ വിഷയസമിതി തുടങ്ങിയവ വിദ്യാലയ വികസന പദ്ധതികൾക്ക് പ്രഥമ പരിഗണന നൽകണം.

വിദ്യാലയത്തിലെ എല്ലാ സമിതികളുടെയും ആദ്യ അജണ്ട വിദ്യാലയ വികസന പദ്ധതി പ്രവർത്തനങ്ങളുടെ അവലോകനവും ആസൂത്രണവും ആയിരിക്കും.

# ഉപസംഹാരം

അടുത്ത അഞ്ചു വർഷത്തേക്കുള്ള സമഗ്രമായ വികസന പദ്ധതിയാണ് ഇവിടെ തയ്യാറാക്കിയിട്ടുള്ളത് ഇതിൽ നിന്നും ഓരോ വർഷത്തേക്കുള്ള പദ്ധതികൾ നിശ്ചിത വിഷയഗ്രൂപ്പുകൾ തിരഞ്ഞെടുത്ത് സൂക്ഷ്മതലത്തിൽ ആസൂത്രണം ചെയ്യണം. ഓരോ വർഷവും ആവശ്യമായ കൂട്ടിച്ചേർക്കലുകളും പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയും വേണം. പ്രാദേശീകവും കാലീകവുമായ മാറ്റങ്ങൾക്ക് ഈ പദ്ധതി വഴങ്ങാവുന്നതാവണം.

വിദ്യാലയ വികസന പദ്ധതി വിജയകരമായി നടപ്പിലാക്കാൻ സാധിച്ചാൽ സ്കൂളിൽ കുട്ടികളുടെ എണ്ണം വർദ്ധിക്കുകയും മികച്ച സ്കൂളുകളിലൊന്നായി മാറുകയും ചെയ്യും. ഭാഷാ വിഷയങ്ങളിലും ശാസ്ത്ര, ഗണിത സാമൂഹ്യ ശാസ്ത്ര വിഷയങ്ങലിലും കംപ്യൂട്ടർ അടക്കം ഉള്ള ആധുനീക സാങ്കേതിക വിദ്യയിലും, ജീവിതത്തിലും മികവുള്ള വിദ്യാർത്ഥി സമൂഹത്തെ രൂപപ്പെടുത്തുവാൻ സാധിക്കും. പൊതു വിദ്യാഭ്യാസത്തെ ശക്തിപ്പെടുത്തുവാൻ

**ഒത്തൊരുമിച്ച് പ്രവർത്തിക്കാം. ജയ് ഹിന്ദ്**

**സ്കൂൾ ഹെഡ് മിസ്ട്രസ്സ്** **സ്കൂൾ മാനേജർ**

- ⌘ വിദഗ്ദരുടെ സേവനം പ്രയോജനപ്പെടുത്തി കുട്ടികളുടെ കായീകക്ഷമതാ പരിശോധന

- ⌘ ആവശ്യമായ ഉപകരണങ്ങളുടെ ലിസ്റ്റ് ചെയ്യൽ, സമാഹരിക്കൽ

- ⌘ കായീക പരിശീലനം എല്ലാ ആഴ്ചയിലും എല്ലാ ക്ലാസ്സുകാർക്കും.

- ⌘ നമ്മുടെ പ്രദേശത്തെ കായീക പ്രതിഭകളുടെ സേവനം ലഭ്യമാക്കൽ

- ⌘ മാനസീകാരോഗ്യത്തോടൊപ്പം ശാരീരികാരോഗ്യത്തിനു കൂടി പ്രാധാന്യം നൽകൽ.

# A D U P S

# THALAVADY

# അക്കാദമിക്

# മാസ്റ്റർപ്ലാൻ

# 2025 - 26